STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.373/PR/SPMC/PHQ/2025 Date: 07.11.2025

## റെയിൽവേ പോലീസിന്റെ ഓപ്പറേഷൻ രക്ഷിത;

## 72 കേസുകൾ രജിസ്റ്റർ ചെയ്തു

ട്രെയിൻ യാത്രക്കാരുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിനായി കേരള റെയിൽവേ പോലീസ് സംസ്ഥാന വ്യാപകമായി നടത്തുന്ന ***ഓപ്പറേഷൻ രക്ഷിത***യുടെ ഭാഗമായി വിവിധ നിയമലംഘനങ്ങൾ കണ്ടെത്തുകയും 72 കേസുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തു.

ഓടിക്കൊണ്ടിരുന്ന ട്രെയിനിൽ യാത്രചെയ്യുകയായിരുന്ന യുവതിയെ ആക്രമിച്ച് തള്ളിയിട്ട് പരിക്കേൽപ്പിച്ച സംഭവത്തിന്റെ പശ്ചാത്തലത്തിൽ യാത്രക്കാരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനാണ് കേരള റെയിൽവേ പോലീസും റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സും സംയുക്തമായി ***ഓപ്പറേഷൻ രക്ഷിത*** സ്പെഷ്യൽ ഡ്രൈവ് നടത്തുന്നത്.

റെയിൽവേ പോലീസ് എസ്.പി ഷഹൻഷാ കെ എസിന്റെ നേരിട്ടുള്ള മേൽനോട്ടത്തിലാണ് പരിശോധന.

ട്രെയിനുകൾക്കുള്ളിലും സ്റ്റേഷൻ പരിസരത്തും ഇതിന്റെ ഭാഗമായി കഴിഞ്ഞ ദിവസങ്ങളിൽ പ്രത്യേക പരിശോധനകൾ നടന്നിരുന്നു.

യാത്രക്കാരുടെ സുരക്ഷ (പ്രധാനമായും സ്ത്രീ യാത്രക്കാരുടെ) ഉറപ്പുവരുത്തുക, ട്രെയിനുകളിലും സ്റ്റേഷൻ പരിസരങ്ങളിലും പാലിക്കേണ്ട അച്ചടക്കം, ജാഗ്രത, ക്രമസമാധാനം എന്നിവ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക, യാത്രക്കാർക്കുനേരെ ഉണ്ടാകുന്ന വിവിധ അക്രമസംഭവങ്ങളെ ഫലപ്രദമായി തടയുക എന്നിവയാണ് ലക്ഷ്യമിടുന്നത്.

മദ്യപിച്ച് യാത്ര ചെയ്യുന്നവരെ കണ്ടെത്താൻ വിവിധ സ്റ്റേഷൻ പരിധികളിൽ ബ്രെത് അനലൈസർ ഉപയോഗിച്ചുള്ള പരിശോധന, റെയിൽവേ സ്റ്റേഷൻ പരിധിയിലുള്ള സി.സി.ടി.വി ക്യാമറകളുടെ നിരീക്ഷണം, ബോംബ് സ്ക്വാഡ്, കെ9

സ്ക്വാഡ്  എന്നീ വിഭാഗങ്ങളെ ഉപയോഗിച്ചുള്ള പരിശോധനകൾ തുടങ്ങിയ നടപടികൾ ഇതിന്റെ ഭാഗമായി സ്വീകരിച്ചു വരുന്നു.

പോലീസുദ്യോഗസ്ഥരുടെ സാന്നിധ്യം കൊണ്ടുതന്നെ അനിഷ്ടസംഭവങ്ങൾ ഉണ്ടാകാതെ തടയുന്നതിനും ഇതിലൂടെ യാത്രക്കാർക്ക് സുരക്ഷിതത്വബോധം ലഭിക്കുന്നതിനുമാണ് പ്രധാനമായും ശ്രമിക്കുന്നത്.

ഇതിനായി കേരള റെയിൽവേ പോലീസും റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സും ടിക്കറ്റ് പരിശോധകരും അടങ്ങുന്ന ഉദ്യോഗസ്ഥർ, സംയുക്തമായാണ് പ്രവർത്തിക്കുന്നത്. വരും ദിവസങ്ങളിലും ഇത്തരം പരിശോധനകൾ തുടരുന്നതാണ്.

***************************